Page 1 of 2

(സി) തൊഴിൽ വകുപ്പ് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ- സി) സർക്കാരിന്റെ പരിഗണനയിലാണ്.

**നൈപുണ്യം സമ്മിറ്റ് 2014**

174 (6879) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നൈപുണ്യം സമ്മിറ്റ് 2014' എന്ന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിലേക്ക് ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**ഐ.ടി. മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ**

175 (6880) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) എവിടെയെല്ലാമാണ് തൊഴിൽ ലംഘനങ്ങൾ നടക്കുന്നത് ;

(സി) തൊഴിൽ ലംഘനം നടത്തിയതിന്റെ പേരിൽ എത്ര നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ജില്ലാടിസ്ഥാനത്തിൽ ഐ.ടി. കമ്പനികളിൽ പരിശോധന നടത്തി തൊഴിൽ നിയമങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ തൊഴിലുടമ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. തൊഴിലുടമകൾ നൽകാനുള്ള വാർഷിക, അർദ്ധവാർഷിക, ത്രൈമാസിക റിട്ടേണുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചു വിടൽ, ദേശീയ ഉൽസവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ



LIBRARY ARCHIVES Kerala Legislative Assembly

ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളിഡേയും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോദ്ധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് 16 ഐ.ടി. സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അതിൽ ആറ് സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

176 (6881) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിനു കീഴിൽ എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളതെന്നും ഇവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(ബി) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇവ ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കാമോ ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം തൊഴിൽ വകുപ്പിന് കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളെന്നും വെളിപ്പെടുത്താമോ ?

## ഉത്തരം

(എ) തൊഴിൽ വകുപ്പിനു കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ (ഐ.ടി.ഐ.കളുടെ) ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.കളിൽ താഴെപ്പറയുന്ന ഒഴിവുകളുണ്ട്.

| | | |
|---|---|---|
| ജൂനിയർ സൂപ്രണ്ട് | - | 3 |
| ക്ലാർക്ക് | - | 8 |
| ഡ്രൈവർ | - | 2 |
| ടൈപ്പിസ്റ്റ് | - | 2 |
| ഡ്രസ്സർ | - | 2 |

ജൂനിയർ ഇൻസ്ട്രക്ടർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, വർക്ക്ഷോപ്പ് അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly